## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1055.

08.01.2014-ലെ മറുപടിയ്ക്ക്

### പുളിമാത്ത് കടലുകാണി ടൂറിസം പദ്ധതി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.സത്യൻ | | **ശ്രീ.എ.പി.അനിൽകുമാർ** (ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ കടലുകാണി ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടോ; | (എ) | പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി എന്തു തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്; നിർമ്മാണ കരാർ ഏറ്റെടുത്തിരിക്കുന്ന ഏജൻസി ഏതാണ്; വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിക്കായി 55,00,000/- (അൻപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപായുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നിർമ്മാണ കരാർ ഏറ്റെടുത്തിരിക്കുന്ന ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, തിരുവനന്തപുരം എന്ന ഏജൻസിയ്ക്ക് ടൂറിസം വകുപ്പിൽ നിന്നും 44,00,000/- (നാൽപത്തിനാല് ലക്ഷം രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന ഘടകങ്ങൾ പൂർത്തീകരിക്കുന്നതിൽ നിർമ്മാണ ഏജൻസി വീഴ്ച വരുത്തിയതായി ലഭിച്ച പരാതിയിന്മേൽ വകുപ്പുതല അന്വേഷണം നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ